**Item Code:** 956 **Participant Code:** 128

# തനിച്ചിരിക്കുമ്പോൾ ഓർമ്മിക്കുന്നത്

മാപ്പ്......

ഇറയത്ത് ഞാനേകനായിരിക്കവേ
വഴിയോരങ്ങളിലോ വെള്ളം കെട്ടിക്കിടക്കുന്ന
ഞാനോർക്കുന്നു അന്നു നാം രണ്ടു പേരും
കടലാസുവള്ളങ്ങൾ ഒഴുക്കിക്കളിച്ചത്...
അമ്മിഞ്ഞപ്പാൽ തന്നെന്നെയൊരുക്കിയ
എന്നമ്മയെ ഞാനിന്നോർക്കവേ നിരന്തരം
അന്നതെന്നോ ചൊന്നൊരാ മധുരമാം വാക്കിനെ
കയ്പേറ്റ രുചിയാൽ തള്ളിക്കളഞ്ഞു ഞാൻ
പ്രണയമേ നീയന്ന് പൂത്തുനിന്നപ്പോഴും
അതിലൊരു പുഷ്പമായി ഞാൻ മാറിയപ്പോഴും
ഞാനറിഞ്ഞില്ലിതിൻ പരിണാമമെന്തെന്നും
പൂമ്പാറ്റതൻ പുഷ്പമായി ഞാൻ മാറിപ്പോയി
തിരിവെളിച്ചത്തിൽ ഞാനതെന്ന് ചൊന്നതും
അയാൾ അന്നത് വകവെയ്ക്കാത്തതും
അണയാത്ത ദീപമന്നാളിക്കത്തിയതും
മധുരമാം വാക്കിനെ ഓർത്തുപോകുന്നതും...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 956 Participant Code: 128

നശിപ്പിക്കപ്പെട്ടോരീ പെണ്ണിൻ ശരീരത്തെ
പിഴച്ചവളെന്ന വാക്കിനാൽ മുദ്ര ചാർത്തപ്പെട്ടതും
ഒരിടത്തുമെത്താൻ കൈകളെന്നെ നോക്കിയിരുന്നതും
ഇന്നലെകളാണെന്നോർത്തുപോകുന്നു ഞാൻ
രാപ്പക്ഷി പാടിയ പാട്ടോർക്കുമ്പോഴും ഇന്നും-
പിടയുന്നു എൻ മനം നീറിടുന്നു...
ആ പാട്ടിൽ നോവിലും ദുഃഖമുണ്ട്
ആ പാട്ടിൽ ചിരിയിലും സ്വപ്നമുണ്ട്
മാനവർ വെട്ടിയൊരാമരക്കൊമ്പത്ത്, തൻ-
ഓമനക്കുഞ്ഞുങ്ങൾ പാർത്തിരുന്നു
ഇര തേടിപ്പോയൊരു രാപ്പക്ഷി തിരയുന്നു
'എവിടെയെൻ കുഞ്ഞുങ്ങൾ കാണ്മതില്ല'
ചിന്നിച്ചിതറിയ തൂവലും പിന്നെയാ-
രക്തം പുരണ്ടൊരു കൂടും മാത്രം
രാപ്പക്ഷി വീണ്ടും പാടി അലഞ്ഞു
നിരന്തരം തേങ്ങിക്കരഞ്ഞു
രാപ്പക്ഷി തന്റെ ഓമനക്കുഞ്ഞുങ്ങളെ-
തേടിയിന്നും അലഞ്ഞിടുന്നു
അതിനെ ഞാൻ ഓർത്തിടുന്നു...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 956 Participant Code: 128

പതിരന്റെ മടിയിൽ ഉറങ്ങുമ്പോൾ
രാവെന്നും വരയ്ക്കുന്നു നിൻ രൂപം മുന്നിൽ
നീയെന്നൊരാളിന് പുഷ്പങ്ങൾ ചാർത്തുവാൻ
പതിവൊന്നും തെറ്റാതെ വന്നതായിരുന്നു
ഞാൻ......

രാത്രികൾ പകലുകളാക്കിയ നിമിഷങ്ങളും
അമ്മയെ തള്ളിപ്പറഞ്ഞതും, മാറിനിന്നതും,
മധുരിതമനസ്സിനെ പ്രണയം വിഴുങ്ങിയതും
കാപട്യം കൊണ്ടയാൾ സ്നേഹം നടിച്ചതും...

ലോകമേ, നിൻ മാറിൽ തലചായ്ച്ചു ഞാൻ
അമ്മയോടുള്ളൊരാ കടമ ഞാനും
പൂർത്തിയാക്കി....
ഞാനിന്ന് ഏകനാണ്...

ഏകനായി, മൂകനായി...
മ്ലേച്ഛത നിറഞ്ഞൊരു കാലത്തെയുമിന്നോ-
ർത്തു പോകുന്നു ഞാൻ....
ലോകമേ മാപ്പ്...
അമ്മേ... മാപ്പ്...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).